## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.508 — 11.12.2012 ൽ മറുപടിയ്ക്ക്

### ഔദ്യോഗിക വാഹനങ്ങളിൽ ബോർഡ് പ്രദർശിപ്പിക്കൽ

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) വിവിധ ഔദ്യോഗിക വാഹനങ്ങളിൽ, ഉദ്യോഗസ്ഥന്റെ പദവിയും സ്ഥാപനത്തിന്റെ പേരും രേഖപ്പെടുത്തിയ ബോർഡ് പ്രദർശിപ്പിക്കുന്നതിന് മാനദണ്ഡങ്ങളും വ്യവസ്ഥകളും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ; | (എ) | വിവിധ ഔദ്യോഗിക വാഹനങ്ങളിൽ, ഉദ്യോഗസ്ഥന്റെ പദവിയും സ്ഥാപനത്തിന്റെ പേരും രേഖപ്പെടുത്തിയ ബോർഡ് പ്രദർശിപ്പിക്കുന്നതിന് മാനദണ്ഡങ്ങളും വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് സർക്കാർ ചുവടെ പറയുന്ന സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>(1) 25/2/1994 ലെ 5280/M2/94/PW&T<br>(2) 25/10/1997 ലെ 35519/B2/95/Tran<br>(3) 20/04/2009 ലെ14902/B2/08/Tran.<br>(4) 12/11/2012 ലെ 15437/B2/12/Tran.<br>പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) നിശ്ചിത മാനദണ്ഡങ്ങളും വ്യവസ്ഥകളും ലംഘിച്ച് ബോർഡുകൾ പ്രദർശിപ്പിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളത്; ആരുടെ പേരിലാണ് നടപടിയെടുക്കാറുള്ളത്; | (ബി) | 1988 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 177 പ്രകാരമാണ് നടപടി സ്വീകരിക്കാറുള്ളത്. വാഹനം ആരുടെ പേരിലാണോ രജിസ്റ്റർ ചെയ്തിട്ടുള്ളത് അദ്ദേഹത്തിന്റെ പേരിലാണ് നടപടി സ്വീകരിക്കുന്നത്. |
| (സി) 2012-ൽ ഇത്തരം നിയമ ലംഘനത്തിന്റെപേരിൽഎത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്, അതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ? | (സി) | വിവരം ശേഖരിച്ചു നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്